LIBRARY ARCHIVES Kerala Legislative Assembly

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്):

(എ) സംസ്ഥാനത്ത് നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലേയ്ക്കായി പുതുക്കിയ വ്യവസായ ഐ.ടി. തൊഴിൽ നയങ്ങൾ പ്രഖ്യാപിച്ചു. 2003 ജനുവരിയിൽ കൊച്ചിയിൽ വച്ച് ആഗോള നിക്ഷേപക സമ്മേളനം (ജിം) നടത്തി. ജിം-ൽ വന്ന വ്യവസായ സംരംഭങ്ങളുടെ സുഗമമായ ഫലപ്രാപ്തിക്കായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡ് രൂപീകരിച്ചു. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ പ്രവർത്തന മേഖല കൂടുതൽ വിപുലീകരിച്ചു. കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ നിക്ഷേപത്തിന്റെ ആകർഷണത്തിനായി വിവിധ ജില്ലകളിൽ വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ വ്യവസായം തുടങ്ങുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും നൽകി വരുന്നു. കേരളത്തിലെ ഭക്ഷ്യ സംസ്ക്കരണ വ്യവസായങ്ങളുടെ പ്രവർത്തനത്തിനും പുരോഗതിക്കും വേണ്ടി ഒരു സൊസൈറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ഇന്ത്യയിലെ പ്രധാന പട്ടണങ്ങളിലും വിദേശ രാജ്യങ്ങളിലും റോഡ് ഷോകൾ നടത്തിവരുന്നു.

(ബി) 10,000 കോടി രൂപയുടെ നിക്ഷേപമാണ് ലക്ഷ്യമിട്ടിരുന്നത്.

(സി) ജിം-നെ തുടർന്ന് സംസ്ഥനത്തുണ്ടായ വ്യവസായ സൗഹൃദ അന്തരീക്ഷത്തിന്റെ ഫലമായി ഏകദേശം 15,000 കോടിയിൽപ്പരം രൂപയുടെ നിക്ഷേപം ഉറപ്പായി കഴിഞ്ഞിട്ടുണ്ട്.

(ഡി ആന്റ് ഇ) പല സുപ്രധാന പദ്ധതികളിലായി സംസ്ഥാനത്ത് വ്യവസായ നിക്ഷേപം കൊണ്ടുവരുന്നതിനുള്ള നിരന്തരമായ ശ്രമങ്ങൾ കെ.എസ്.ഐ.ഡി.സി. നടത്തി വരികയാണ്. ഇതു സംബന്ധിച്ച വിശദ വിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു.†

സംസ്ഥാനത്ത് വ്യവസായ വികസനത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ കിൻഫ്ര ഏർപ്പെടുത്തി വരുന്നു. ഇതിന്റെ വിശദ വിവരങ്ങൾ അനുബന്ധം രണ്ടായി വച്ചിരിക്കുന്നു.†

എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശകൾ

*26 [115] ശ്രീ. കെ. പി. രാജേന്ദ്രൻ:

,, പി. എസ്. സുപാൽ:

,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്റർപ്രൈസസ് റിഫോംസ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായങ്ങളുടെ പുനഃസംഘടനയ്ക്കായി നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

†അനുബന്ധം I & II

(സി) കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാനത്തെ ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഇവയിൽ വിൽപ്പനയ്ക്കായി നീക്കിവച്ചിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയൊക്കെയാണ്;

(ഇ) ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന ഏതെങ്കിലും സ്ഥാപനങ്ങൾ വിൽപ്പനയ്ക്കായി തീരുമാനിച്ചിട്ടുണ്ടോ;

(എഫ്) അടച്ചുപൂട്ടാൻ തീരുമാനിച്ചവയിൽ ഏതെങ്കിലും സ്ഥാപനങ്ങൾ നടത്തുവാൻ പ്രസ്തുത സ്ഥാപനത്തിലെ തൊഴിലാളികൾ തയ്യാറായി മുന്നോട്ടു വന്നിട്ടുണ്ടോ;

(ജി) സർക്കാരു പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാൻ തീരുമാനിച്ചിട്ടുള്ള വ്യവസായങ്ങൾ ഏതൊക്കെയൊക്കെയാണെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): (എ) എന്റിക്കപ്പെസ് നിയമപ്രകാരം കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ 30 പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനഃസംഘടന സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് ആറു പൊതുമേഖലാ സ്ഥാപനങ്ങളും മൂന്നു പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ ഡിവിഷനും പൂർണ്ണമായും അടച്ചുപൂട്ടാനും, ആറ് പൊതുമേഖലാ സ്ഥാപനങ്ങളെ സർക്കാരു പങ്കാളിത്തത്തോടെ പുനരുദ്ധരിക്കാനും തീരുമാനിച്ചിട്ടുണ്ട്. കഴിവതും സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തി പുനരുദ്ധരിക്കുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾക്കായി ഇതുവരെ നൽകിയിട്ടുള്ള ധനസഹായം ചുവടെ ചേർക്കുന്നു:

2001-2002	: :	4,494.25	ലക്ഷം രൂപ
2002-2003	: :	4,469.44	,,
2003-2004	: :	3,406.17	,,
2004-2005	: :	5,626.96	,,

(ഡിസംബർ 2004 വരെ)

പുനരുദ്ധാരണത്തിന്റെ ഭാഗമായി പിരിഞ്ഞുപോകേണ്ടി വരുന്ന ജീവനക്കാർക്കായി ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്.

(ബി) ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ്, കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, കേരളാ സിറാമിക്സ് ലിമിറ്റഡ്, മലബാർ പ്ലൈവുഡ് എക്സ്പോർട്ട് കമ്പനി ലിമിറ്റഡ്, കേരളാസോപ്സ് ലിമിറ്റഡ്, സ്കൂട്ടേഴ്സ്

LIBRARY ARCHIVES Kerala Legislative Assembly

കേരള ലിമിറ്റഡ്, കേരള സിറാമിക്സിന്റെ പോഴ്സലൈൻ ഡിവിഷൻ, കേരള ടെക്സ്റ്റൈൽസ് കോർപ്പറേഷന്റെ ഒരു യൂണിറ്റായ മലബാർ സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽസ്, കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയുടെ ഒലവക്കോട് യൂണിറ്റ് എന്നിവ പൂർണ്ണമായും നിറുത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, ആസ്ട്രാൾ വാച്ചസ് എന്നിവയാണ് സ്വകാര്യ പങ്കാളിത്തത്തിനായി പരസ്യം ചെയ്തിട്ടുള്ളത്. കൂടാതെ ടെൽക്കിന് ഒരു സ്ട്രാറ്റജിക് പാർട്ണർക്കുവേണ്ടി പരസ്യം ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഇതുവരെ തീരുമാനം ആയിട്ടില്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ആസ്ട്രാൾ വാച്ചസ്, കെൽട്രോൺ കൗണ്ടേഴ്സ്, കേരള സ്റ്റേറ്റ് ഡിറ്റർജന്റ്സ് ആന്റ് കെമിക്കൽസ്, കേരള സ്റ്റേറ്റ് സാലിസിലേറ്റ്സ് ആന്റ് കെമിക്കൽസ്, ട്രാവൻകൂർ പ്ലൈവുഡ് ഇൻഡസ്ട്രീസ്, ടെൽക്ക് എന്നിവയാണ് സ്വകാര്യ പങ്കാളിത്തത്തിനായി പരസ്യം ചെയ്തിട്ടുള്ളത്. ആട്ടോകാസ്റ്റ് (ബി.ഐ.എഫ്.ആർ. അനുമതിക്ക് വിധേയമായി) കെൽട്രോൺ കംപോണന്റ് കോംപ്ലക്സ്, സ്റ്റീൽ കോംപ്ലക്സ്, കേരള ഗാർമെന്റ്സ് എന്നിവയിലും സ്വകാര്യ പങ്കാളിത്തം അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ പരസ്യം ചെയ്തിട്ടില്ല.

കെ.എസ്.ആർ.ടി.സി. പുതുതായി വാങ്ങുന്ന ബസ്സുകൾ

*27 [116] ശ്രീ. മഞ്ഞളാംകുഴി അലി:

,, കെ. പി. സതീശ്ചന്ദ്രൻ:

,, വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പുതുതായി ബസ്സുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഓങ്കിൽ എത്ര ബസ്സുകളാണ് എന്ന് വെളിപ്പെടുത്തുമോ;

(ബി) പുതുതായി ബസ്സുകൾ വാങ്ങുന്നതിന് പണം സ്വരൂപിക്കുന്നത് ഏതെല്ലാം നിലയിലാണെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി വാങ്ങുന്ന ബസ്സുകൾ പുതിയ റൂട്ടുകളിൽ സർവ്വീസ് നടത്തുന്നതിനായി ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) പുതുതായി വാങ്ങുന്ന ബസ്സുകളുടെ ബോഡി നിർമ്മാണം കെ.എസ്.ആർടി.സി.-യുടെ സ്വന്തം ബോഡി നിർമ്മാണ യൂണിറ്റുകളിൽ തന്നെ നടത്താനാണോ ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ സ്വകാര്യ കമ്പനികളെ ആശ്രയിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly